പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2919 10.05.2017 ൽ മറുപടിക്ക്

## ശബരിമല വിമാനത്താവളത്തിന് അനുയോജ്യമായ സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>,, സി.മമ്മൂട്ടി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ഡോ.എം. കെ. മുനീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയുമായി ബന്ധപ്പെട്ട് വിമാനത്താവളം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏതു മേഖലയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ. എസ്. ഐ. ഡി.സി. താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വിധത്തിൽ കണ്ടെത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. |

1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്

2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്സം കോട്ടയം.

3. വെള്ളനാട് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം,

4. ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട,

5. കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട,

6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട.

| | |
|---|---|
| (സി) ഈ ഭാഗത്ത് വിമാനത്താവളം നിർമ്മിക്കുന്നതു മൂലമുള്ള സാമൂഹ്യ സാംസ്കാരിക പാരിസ്ഥിതിക പ്രശ്ന ങ്ങൾ സംബന്ധിച്ച് പരിശോധന കളോ പഠനങ്ങളോ നടന്നിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ? | (സി) ശബരിമല വിമാനത്താവള പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനായി ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മറ്റു പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ